(2) പഞ്ചായത്ത് പ്രസിഡന്റുമാരേയും മുനിസിപ്പൽ ചെയർമാൻമാരേയും നേരിട്ട് തെരഞ്ഞെടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ജെ. പൗലോസ്: സർ, ജനാധിപത്യത്തിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുന്ന രീതിയിൽ സംസ്ഥാനത്താകെ കാലുമാറ്റവും കൂറുമാറ്റവും മുന്നേറിക്കൊണ്ടിരിക്കുന്നതിന്റെ ഫലമായി ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഭരണസ്ഥിരതയില്ലായ്മയും ഭരണസ്തംഭനവും അരങ്ങുതകർക്കുകയാണ്. അധികാര വികേന്ദ്രീകരണവും അധികാരവിനിയോഗവും ദുരുപയോഗം ചെയ്യുകവഴി അഴിമതിയും സ്വജനപക്ഷപാതവും വർദ്ധിച്ചുവരികയാണ്. സർക്കാർ കൊടുക്കുന്ന ധനം യഥാസമയം വിനിയോഗിക്കാതെ ലാപ്സാകുകയും തത്ഫലമായി വികസനം മുടങ്ങുകയും ചെയ്യുന്നത് സാധാരണമാണ്. ഇതിന്റെ കാരണങ്ങൾ പരിശോധിക്കുമ്പോൾ മുഖ്യമായും കൂറുമാറ്റവും ഭരണസ്ഥിരത ഇല്ലായ്മയുമാണെന്ന് കാണാം. അതിന് പരിഹാരമെന്നുള്ള നിലയിൽ പഞ്ചായത്ത് പ്രസിഡന്റുമാരേയും മുനിസിപ്പാലിറ്റി ചെയർമാൻമാരേയും നേരിട്ട് തെരഞ്ഞെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് 2005 മുതലെങ്കിലും ഭരണസ്ഥിരത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, ത്രിതല പഞ്ചായത്തുകളിലേയും നഗരസഭകളിലേയും പഞ്ചായത്ത് പ്രസിഡന്റുമാർ, മേയർമാർ, ചെയർമാൻമാർ എന്നിവരുടെ തെരഞ്ഞെടുപ്പ് നേരിട്ട് നടത്തുന്നതിനാവശ്യമായ നിയമ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ഇതിനോടനുബന്ധിച്ച് ഭരണ സ്തംഭനം ഉണ്ടായിട്ടില്ല.

(3) കുടിയേറ്റ തൊഴിലാളികളെക്കൊണ്ട് അടിമവേല ചെയ്യിക്കുന്നതുമൂലം മറ്റ് തൊഴിലാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ

ശ്രീ. പി. ജയരാജൻ: സർ, അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, കരാർ തൊഴിലാളി നിയമം എന്നിവ ലംഘിച്ചുകൊണ്ടും നിയമാനുസൃതമായ ആനുകൂല്യങ്ങൾ നൽകാതെയും മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികളെക്കൊണ്ട് കേരളത്തിൽ പല സ്ഥലങ്ങളിലും പണിയെടുപ്പിച്ച് വരികയാണ്. നിയമാനുസൃതമായ ആനുകൂല്യങ്ങൾ വാങ്ങാതെ പണിയെടുക്കുന്ന തൊഴിലാളികളുടെ നിലനിൽപ്പുപോലും ഇതുമൂലം ഭീഷണിയിലായിരിക്കുകയാണ്. നിയമപ്രകാരം കുടിയേറ്റ തൊഴിലാളികൾ ജന്മസംസ്ഥാനത്തും അവർ പണിയെടുക്കുന്ന സംസ്ഥാനത്തും രജിസ്റ്റർ ചെയ്യണം. മിനിമം കൂലി, ക്യാന്റീൻ സൗകര്യം, താമസ സൗകര്യം ഇതൊക്കെ നൽകാതെ യഥാർത്ഥത്തിൽ അടിമവേലതന്നെയാണ് ഈ മേഖലയിൽ നടക്കുന്നത്. കേരളത്തിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നിഷ്ക്രിയമാണ്. ഇത്തരം കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച യാതൊരു പരിശോധനയും നടക്കുന്നില്ല. ഇത് മാറ്റി, നിയമവിരുദ്ധമായിട്ടുള്ള ഇത്തരം കൃത്യങ്ങൾ തടയുന്നതിനും നമ്മുടെ സംസ്ഥാനത്ത് നിയമപ്രകാരം ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെമേലുള്ള ഭീഷണി അവസാനിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നിയമം നിലവിലുണ്ട്. അത് നടപ്പിലാക്കുന്നതിൽ പോരായ്മകളുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഇവിടത്തെ പ്രശ്നം, നമ്മുടെ സംസ്ഥാനത്ത് കായികാദ്ധ്വാനം കൂടുതലുള്ള തൊഴിൽ ചെയ്യുന്നതിനാണ് അവർ വന്നത്. നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾ അങ്ങനെയുള്ള തൊഴിൽ ചെയ്യുന്നതിന് വൈമുഖ്യം കാണിക്കുന്നു, ഇതാണ് പ്രധാന കാരണം. വളരെ ശക്തമായ ട്രേഡ് യൂണിയനുകൾ നിലനിൽക്കുന്ന മേഖലകളിലാണ് ഇത് നടക്കുന്നത്. നിർഭാഗ്യവശാൽ നമ്മുടെ തൊഴിലാളികൾ തന്നെ ഈ തൊഴിൽ ചെയ്യുന്നതിന് വൈമുഖ്യം കാണിക്കുന്നതുകൊണ്ട് മറ്റ് മേഖലകളിലെ തൊഴിലാളികൾ വന്ന് ജോലി ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. അത്തരം തൊഴിലാളികളുടെ കൂലിയും തൊഴിൽ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ ലേബർ ഡിപ്പാർട്ടുമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) വിശാല കൊച്ചി പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം

ശ്രീ. കെ. ബാബു: സർ, വിശാല കൊച്ചി പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുകയാണ്. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, ചേരാനല്ലൂർ പഞ്ചായത്ത്, തൃക്കാക്കര, പള്ളുരുത്തി നിയോജകമണ്ഡലത്തിലെ മരട്, ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലത്തിലെ തിരുവാങ്കുളം, ചോറ്റാനിക്കര, വൈപ്പിൻകര എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. മുടങ്ങിക്കിടന്ന ഹഡ്കോ പദ്ധതിയും ചൊവ്വര പദ്ധതിയും ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ ചൂണ്ടി പദ്ധതി ഇപ്പോൾ വിഭാവന ചെയ്തിട്ടുണ്ട്. ഈ പദ്ധതികളൊന്നുംതന്നെ പൂർത്തിയായിട്ടില്ല. അടിയന്തിരമായി ഈ പദ്ധതികൾ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഇതുകൊണ്ടൊന്നും സാധിക്കില്ല എന്നതിനാൽ പുതിയ പദ്ധതികൾക്ക് രൂപം നൽകണമെന്ന് താത്ക്കാലികമായി കുടിവെള്ളക്ഷാമം പരിഹരിക്കാൻ ടാങ്കർ ലോറികളിൽ വെള്ളം വിതരണം ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഒന്നാമത്തേത് ഹഡ്കോയുടെ സഹായത്തോടുകൂടിയുള്ള കൊച്ചിയിലെ ശുദ്ധജല വിതരണ പദ്ധതിയാണ്. അതിന്റെ പണികൾ വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു. അത് 1995-ൽ ആരംഭിച്ചതാണ്. അതിന്റെ പുതുക്കിയ അടങ്കൽ തുക 136 കോടി

LIBRARY ARCHIVES Kerala Legislative Assembly